പറഞ്ഞതായി ഞങ്ങൾക്ക് ഇപ്പോൾ ഒരു സംഗ്രഹം കിട്ടിയിട്ടുണ്ട്. അതിൽ ആ ബിൽ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു എന്നാണ് പറയുന്നത്. ഞാൻ അവതരിപ്പിച്ചതല്ല, അത് പരിശോധിക്കണം.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ഞാൻ ഈ നിയമസഭയിൽ അവതരിപ്പിച്ച സി.ആർ.പി.സി. യുടെ സെക്ഷൻ 125 അമെന്റു ചെയ്തിട്ടുള്ള ബിൽ വളരെ ഗൗരവമായി ഈ സഭ പരിഗണിക്കുകയും അത് ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും തന്നെ കൊണ്ടു വരാൻ തീരുമാനമെടുക്കുകയും ചെയ്തതിൽ എനിക്ക് വളരെ നന്ദിയും സന്തോഷവുമുണ്ട്. പക്ഷേ അതിന് വളരെയധികം സമ്മർദ്ദം അക്കാര്യത്തിലെടുത്തത് ബഹു. സ്പീക്കറാണെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. പ്രതിപക്ഷത്തുനിന്നും അതിലേറെ സഹകരണവുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാവർക്കും ഞാൻ നന്ദി പറയുകയാണ്.

മി. സ്പീക്കർ : ഈ പറഞ്ഞ കാര്യങ്ങളും ശ്രീ. കെ.സി. ജോസഫ് കമ്മിറ്റി ചെയർമാനെന്നുള്ള നിലയിൽ വച്ചിട്ടുള്ള റിപ്പോർട്ടും നമ്മുടെ മുന്നിലുണ്ട്. ഇതിൽ ചില റൂളുകളിൽത്തന്നെ മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്ന് നമ്മുടെ നിയമ വകുപ്പുമന്ത്രി പറഞ്ഞു. ഇതെല്ലാം നമുക്ക് വീണ്ടുമൊരു പരിശോധന നടത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടി കാര്യങ്ങൾ ചെയ്യും. അടുത്ത ദിവസം വരുന്ന സന്ദർഭത്തിൽത്തന്നെ നമുക്ക് നടപടികൾ സ്വീകരിക്കാം. അതുപറയുമ്പോൾ തന്നെ സർക്കാർ ഇപ്പോൾ പറഞ്ഞ പല അഭിപ്രായങ്ങളും കേട്ടിരിക്കുന്നു. സർക്കാർ അത് മനസ്സിലാക്കിയിരിക്കുമെന്ന് കരുതുകയാണ്. പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയത്തക്ക നിലയിൽ പലതും കൊണ്ടു വന്നാൽ സ്വീകരിക്കാമെന്ന് നിയമവകുപ്പു മന്ത്രി പറഞ്ഞു. അല്ലെങ്കിൽപ്പോലും നമുക്കു വേണമെങ്കിൽ കമ്മിറ്റിക്കു വിടാമല്ലോ. അല്ലെങ്കിൽ വേണമെങ്കിൽ അതിനൊരു സെലക്ട് കമ്മിറ്റിയുണ്ടാക്കി വിടാം. അങ്ങനെയൊക്കെ പല സന്ദർഭങ്ങളുണ്ട്, സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളുമുണ്ട്. അതിനെത്തന്നെ സ്വീകരിച്ചു കൊണ്ട് അതിന്റെ തുടർച്ചയായി അതിനു മാറ്റം വരുത്തി അംഗീകരിക്കാവുന്ന ഒരു നല്ല അയവേറിയ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് ചെയറിന് ഇതു സംബന്ധിച്ച് പറയാനുള്ളത്. ആ രൂപത്തിൽ നമുക്കതിനെ മാറ്റിയെടുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2000-ലെ കേരള സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറി (നിയന്ത്രണ) ബോർഡ് ബിൽ (ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 2000-ലെ കേരള സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറി (നിയന്ത്രണ) ബോർഡ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ മുമ്പ് ഈ സഭയിൽ പറഞ്ഞ ഒരു കാര്യം തന്നെയാണ് എനിയ്ക്ക് ഇപ്പോഴും പറയാനുള്ളത്. നമ്മുടെ ബഹു. മന്ത്രിമാർ ചുണ്ടിൽ തിരുകിവച്ച മറുപടിയുമായിട്ടാണ് ഇവിടെ വരുന്നത്. ഞങ്ങൾ എത്ര ഉത്തരവാദിത്വത്തോടുകൂടി അവതരിപ്പിക്കുന്ന ബില്ലാണെങ്കിൽപ്പോലും അതിനെയെല്ലാം എതിർക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഞാൻ തന്നെ ഈ സഭയിൽ അവതരിപ്പിച്ച സ്വകാര്യ ആശുപത്രി (നിയ

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രണ) ബില്ലിന്റെ അനുബന്ധമായിട്ടാണ് ഈ സ്വകാര്യ ബിൽ ഞാൻ ഇവിടെ കൊണ്ടു വരുന്നത്. ആരോഗ്യമുള്ള സമൂഹം ഏതു രാജ്യത്തിന്റെയും സമ്പത്താണ്. രോഗം വിതയ്ക്കുന്ന ചുറ്റുപാടുകളും സാമൂഹ്യ സാഹചര്യങ്ങളും ഒഴിവാക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആവശ്യമായ ചികിത്സാ സൗകര്യം ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്. സ്വാതന്ത്ര്യം നേടി 50 വർഷം പിന്നിട്ടിട്ടും ഈ രംഗത്ത് നമുക്ക് വേണ്ടത്ര ഫലപ്രദമായി മുന്നേറുവാൻ കഴിഞ്ഞിട്ടില്ല. വേണ്ടത്ര സർക്കാർ ആശുപത്രികളുടെയും ലാബുകളുടെയും അഭാവം ഈ രംഗത്ത് സ്വകാര്യ മേഖല തഴച്ചു വളരുന്നതിന് ഇടയാക്കി. സ്വകാര്യ ആശുപത്രികളും അതുപോലെ ചികിത്സാ രംഗത്ത് ഒഴിച്ചുകൂടാനാകാത്ത ഒന്നായി നിലനിൽക്കുകയാണ്. ആധുനിക ചികിത്സാ രീതി, ശാസ്ത്രീയ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ രോഗ നിർണ്ണയം നടത്തുന്ന സാങ്കേതിക ഉപകരണങ്ങളും അവയുപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും ആധുനിക ചികിത്സാ രീതിയുടെ ഭാഗമാണ്. ശാസ്ത്രീയമായ പരീക്ഷണങ്ങളിലൂടെ രോഗ നിർണ്ണയം നടത്തേണ്ടത് വിദഗ്ദ്ധവും ഫലപ്രദവുമായ ചികിത്സയ്ക്ക് അനിവാര്യമാണ്. ഇപ്പോൾ സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും സുസജ്ജമായ ക്ലിനിക്കുകൾ, ലബോറട്ടറികൾ ഇല്ലാത്തതിനാൽ ധാരാളം സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ചർച്ച തുടരും)

(2) ദി കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗെയിൻസ്റ്റ് എലിഫന്റ്സ് ബിൽ-2000

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ദി കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗൻസ്റ്റ് എലിഫന്റ്സ് ബിൽ, 2000-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ.....

ശ്രീ. കെ.സി. ജോസഫ് : സർ, നമ്മൾ എല്ലാ ബില്ലുകളും മലയാളത്തിലാക്കുമ്പോൾ, ഇതിന്റെ ഈ പേരു തന്നെ 'കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗൻസ്റ്റ് എലിഫന്റ്സ് ബിൽ' എന്നാണ്. അതു തന്നെ കേൾക്കാൻ സുഖമില്ലാത്ത കാര്യമാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : എനിക്ക് ഇംഗ്ലീഷിൽ കാര്യമായ പ്രാഗത്ഭ്യം ഇല്ലാത്തതു കൊണ്ടാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അദ്ദേഹത്തിന്റെ ഡെഫനിഷൻ വായിച്ചാൽ ഒരു അമ്പലത്തിലും ഉത്സവം നടത്താൻ പറ്റില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ആനകൾ നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്, സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ ഭാഗമാണ്. ഗജമേളകൾ നിരോധിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly